ശ്രി. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ എം.എൽ.എ. മാരുടേയും മന്ത്രിമാരുടേയും ഒക്കെ ആനുകൂല്യം വർദ്ധിപ്പിച്ച---

മി.സ്പീക്കർ : No....No...Nothing will do.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഒരു പരാമർശം ഉണ്ട്.

മി.സ്പീക്കർ : പരാമർശം പാടില്ല, എല്ലാപേരും സമ്മതിച്ചതല്ലേ, യുനാനിമസ് ആയിട്ട് പാസ്സാക്കിയതല്ലേ, ഇനി പരാമർശം എന്തിന്. No....No...Nothing will do. You can ask some other question.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, നമ്മുടെ ഗവൺമെന്റ് ഈ പാവപ്പെട്ട ആളുകൾക്ക് കൊടുക്കുന്ന അധിവർഷാനുകൂല്യം കൊടുക്കുന്നതിനെപ്പറ്റിയുള്ള ഒരു സൂചനയാണ് ഗവൺമെന്റിന്റെ ഭാഗമായിട്ട് മന്ത്രി മറുപടി പറയുമ്പോൾ തോന്നിയിട്ടുള്ളത്. അത് നിറുത്താൻ പാടില്ല, നിറുത്തിപ്പോയാൽ ഉണ്ടാകുന്ന അപകടത്തെപ്പറ്റി ഞാൻ പറഞ്ഞുതരാം. അത് നിറുത്താൻ പാടില്ല. അത് കൊടുത്ത് തീർക്കുന്നതിന് ഗവൺമെന്റ് സാമ്പത്തിക സഹായം കൊടുത്തുകൊണ്ട് ബോർഡിനെ നിലനിർത്തുകയും ബോർഡിന് ഈ ആനുകൂല്യം കൊടുക്കാൻ സാധിക്കുകയും വേണം. അതിന് വേണ്ട നിലപാട് സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, ബോർഡിനെ സംബന്ധിച്ച് നാൽപ്പത് കോടി രൂപയുടെ ബാദ്ധ്യത നിലനിൽക്കുന്നതു കൊണ്ട് ബോർഡ് ഈ കാര്യത്തിൽ എന്ത് വേണമെന്ന് എന്റെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിലാണ് ഞാൻ ഇത് പറഞ്ഞത്, ആ ആനുകൂല്യം കൊടുക്കുന്നതിന് ബോർഡിന് ഒരു തരത്തിലും താങ്ങാൻ കഴിയുന്നില്ല. എന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ. അത് എങ്ങനെ പരിഹരിക്കണമെന്നുള്ളത് ഗവൺമെന്റും ബോർഡുമായിട്ട് ആലോചിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കേണ്ടതാണ്. നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായി കൊടുക്കാൻ കഴിയാത്ത് ബോർഡും അതിന്റെ സംവിധാനങ്ങളും കൂടുതൽ ആനുകൂല്യങ്ങളെക്കുറിച്ച് ഇപ്പോൾ ചിന്തിക്കുന്നത് അസ്ഥാനത്താണ്, എന്നുമാത്രം ഞാൻ പറയുന്നു.

(2) സംസ്ഥാനത്ത് ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ദളിത് ക്രൈസ്തവർക്ക് ജനസംഖ്യാനുപാതികമായ വിഹിതം ലഭിക്കാൻ നടപടി

ശ്രീ. ജോണി നെല്ലൂർ : സർ, നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയിൽ 8 ശതമാനത്തിലധികം വരുന്ന ദളിത് ക്രൈസ്തവർ നേരിടുന്ന അതീവ ഗുരുതരമായ പ്രശ്നങ്ങളിലേയ്ക്കും അവഗണനയിലേയ്ക്കും ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ ആയിരുന്ന പുലയ, പറയ, കുറവ വിഭാഗത്തിൽപ്പെട്ട ആളുകൾ ക്രൈസ്തവ വിഭാഗത്തിലേയ്ക്ക് മതം മാറുകയുണ്ടായി. 25 ലക്ഷത്തിൽ അധികം വരുന്ന ആളുകൾ ഇങ്ങനെ മതം മാറുകയാണുണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അവശതയിൽനിന്ന് രക്ഷപ്പെടാനല്ലേ മതം മാറിയത്.

ശ്രീ. ജോണി നെല്ലൂർ : സർ, അവർ വീണ്ടും കൂടുതൽ അവശതയിലേക്ക് പോകുകയാണ്. അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. ആ പ്രതീക്ഷയിലാണ് അവർ മതം മാറിയത്. ഇപ്പോഴത്തെ സാമൂഹ്യസ്ഥിതി വച്ചുനോക്കുമ്പോൾ കേരളത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു വിഭാഗമായി ഇവർ മാറിയിരിക്കുകയാണ്. ഏതാണ്ട് 25 ലക്ഷത്തിലധികം വരുന്ന ദളിത് ക്രൈസ്തവർ, അവരുടെ രക്തബന്ധത്തിൽപ്പെട്ട, ഹിന്ദു പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ എന്നുള്ള നിലയിൽ അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ധാരാളമാണ്. ഞാൻ അതിനെ എതിർത്ത് പറയുകയല്ല. ഈ ആനുകൂല്യങ്ങൾക്ക് ആനുപാതികമായിട്ടുള്ള ആനുകൂല്യം കിട്ടാനുള്ള അർഹതയും അവകാശങ്ങളും ഉണ്ടെങ്കിൽപ്പോലും, കേവലം മതം മാറി എന്നുള്ള ഒറ്റക്കാരണത്താൽ അങ്ങേയറ്റം അവഗണിക്കുകയാണ്.

മി. സ്പീക്കർ : അവർ പട്ടികജാതി അല്ലല്ലോ.

ശ്രീ. ജോണി നെല്ലൂർ : സർ, നമ്മുടെ സംസ്ഥാനത്തെ ഇവരുടെ ജീവിത നിലവാരം പരിശോധിച്ചാൽ ഇത്രമാത്രം കഷ്ടപ്പെട്ട് ജീവിക്കുന്ന ഒരു ജനവിഭാഗം വേറെയില്ലെന്നു കാണാം. ഒരു നേരത്തെ ആഹാരത്തിന് വകയില്ലാതെ ഉടുതുണിക്ക് മറുതുണിയില്ലാതെ, വീടുകളില്ലാതെ കഷ്ടപ്പെടുന്ന അവശ വിഭാഗത്തിൽപ്പെട്ട ഇവർക്ക് സംവരണാനുകൂല്യം ലഭിക്കേണ്ടതായിരുന്നു. പക്ഷേ, നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്തെ ഭരണഘടനാപ്രകാരം ചില വിഭാഗങ്ങൾക്ക് കൊടുത്തിരിക്കുന്ന സംവരാണാനുകൂല്യം ഇവർക്ക് കിട്ടുന്നില്ല. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽപ്പോലും ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ കാര്യം പരാമർശിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പദ്ധതി വിഹിതം മാറ്റിവച്ചുകൊണ്ട് ജനവിഭാഗങ്ങളെ സഹായിക്കുന്നുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങളുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ, ജനസംഖ്യാനുപാതകമായിട്ടെങ്കിലും, സംവരണം ഇവർക്ക് കൊടുക്കാനും അവരെക്കൂടി പദ്ധതി വിഹിതത്തിന്റെ ഭാഗഭാഗാക്കാനും വേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. വളരെക്കാലമായി ഈ വിഭാഗത്തിലുള്ള ആളുകൾ സമരത്തിലാണ്. അതിന്റെ ഫലമായി എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ ഏതാനും ഗ്രാമ പഞ്ചായത്തുകൾ, പദ്ധതി വിഹിതം കണക്കാക്കുമ്പോൾ ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ കണക്കുകൂടി എടുത്തുവരുന്നു. ഉദാഹരണമായി ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതികൾക്കു വേണ്ടിയുള്ള അപേക്ഷാഫോറം എന്റെ കയ്യിലുണ്ട്. ഞാനത് വായിക്കാം. അപേക്ഷയിൽ ഉൾപ്പെട്ട വിഭാഗം എന്ന് പറഞ്ഞുകൊണ്ട് വിവിധ വിഭാഗങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗം, ദളിത് എന്നിങ്ങനെ കാണിച്ചിട്ടുണ്ട്. ഈ അപേക്ഷാഫോറത്തിൽ പറയുന്നത്, കാലിത്തൊഴുത്ത് നിർമ്മാണത്തിന് ദളിത് ക്രൈസ്തവർക്ക് 5 പേർക്കുണ്ട്. അതുപോലെ ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് ദളിത് ക്രൈസ്തവർക്ക് 5 പേർക്ക് വച്ചിട്ടുണ്ട്. കല്ലുകയ്യാല നിർമ്മാണം, വികലാംഗർക്ക് സഹായ സഹകരണങ്ങൾ, വനിതാ കമ്പ്യൂട്ടർ പരിശീലനം, കക്കൂസ് നിർമ്മാണം,

LIBRARY ARCHIVES Kerala Legislative Assembly

വന നിർമ്മാണം, സ്വയം തൊഴിൽ കണ്ടെത്തൽ ഇവയ്ക്കെല്ലാം ചില ഗ്രാമപഞ്ചായത്തുകൾ പദ്ധതി വിഹിതത്തിൽപ്പെടുത്തി ഇങ്ങനെ തുക അനുവദിച്ചിട്ടുണ്ട്. അതിനുള്ള വ്യവസ്ഥകളും പറഞ്ഞിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാൻ വേണ്ടിയാണ് ഞാൻ ഇത് കൊടുത്തത്, എന്നാൽ അത് മാർക്ക് ചെയ്തത് ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിക്കായിരുന്നു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, 25 ലക്ഷത്തിൽ അധികം വരുന്ന ഈ ആളുകളുടെ കാര്യത്തിൽ ഈ സഭ ആലോചിക്കേണ്ട ഒരു കാര്യം, മതം മാറിപ്പോയി എന്നുള്ള ഒറ്റ കാരണത്താൽ പട്ടിണി കിടക്കുന്ന ഈ ആളുകളുടെ കാര്യത്തിൽ ദയയും കാരുണ്യവും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നാണ്. ദളിത് ക്രൈസ്തവർക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിലെങ്കിലും ജനസംഖ്യാനുപാതികമായി അവർക്ക് ഒരു വിഹിതം നിശ്ചയിച്ചുകൊണ്ട് ഒരു നിർദ്ദേശം കൊടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിൽ പൊതു ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പദ്ധതി വിഹിതം വകയിരുത്തുന്നത്. ദേശീയ സംസ്ഥാന തലങ്ങളിൽ നിലവിലുള്ള വികസന നയത്തിന്റെ ഭാഗമായി പട്ടിക ജാതിക്കാരുടെ വികസനത്തിനുള്ള പ്രത്യേക ഘടക പദ്ധതിയും പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുള്ള ഉപ പദ്ധതിയും അനുസരിച്ച് ആ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. അല്ലാതെ മറ്റൊരു വിഭാഗത്തിനും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം വകയിരുത്താനാകില്ല. ദളിത് ക്രൈസ്തവർക്ക് വികേന്ദ്രീകൃത ആസൂത്രണ പദ്ധതിപ്രകാരം അർഹതയുടേയും മാനദണ്ഡത്തിന്റേയും അടിസ്ഥാനത്തിൽ എല്ലാ ആനുകൂല്യങ്ങളും ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി പ്രകാരം ദളിത് ക്രൈസ്തവ വിഭാഗത്തിൽ ഉൾപ്പെടുത്തി ഏറ്റവും ദരിദ്രരായവർക്കും അഗതികൾക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കുവേണ്ടി കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ വിഭാഗ വികസന കോർപ്പറേഷൻ സംസ്ഥാന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ദളിത് ക്രൈസ്തവ വിഭാഗങ്ങളുടെ വികസനത്തിനുവേണ്ടി കൃഷി ഭൂമി നൽകുക, വനനിർമ്മാണം നടത്തുക, സ്വയം തൊഴിൽ പദ്ധതി, വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കാനുള്ള പരിപാടികൾ നടപ്പിലാക്കുക എന്നിവയാണ് പ്രവർത്തനങ്ങൾ. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ദളിത് ക്രൈസ്തവർക്ക് ജില്ല-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ ജനസംഖ്യാനുപാതികമായി വിഹിതം ലഭിക്കാനുള്ള നടപടി ഉണ്ടാകണമെന്നുള്ള ആവശ്യം അംഗീകരിക്കാനാകില്ല. വാഴത്തോപ്പ് പഞ്ചായത്തിൽ ഇങ്ങനെയുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചതിനെ സംബന്ധിച്ച് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞപ്പോൾ 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്നാണ് എനിക്ക് തോന്നുന്നത്. ചില പഞ്ചായത്തുകളിൽ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾ സമരം ചെയ്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ നടപ്പിലാക്കിയത് പരിശോധിച്ച് അത് ഇല്ലായ്മ ചെയ്യുമെന്നുള്ള സൂചനയാണ് അദ്ദേഹം നൽകിയത്. എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, 4 ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ, ആ വിഭാഗം വലിയ അവഗണന അനുഭവിക്കുന്നവരാണ്. അവർക്കുവേണ്ടി എന്നോടുപോലും അവഗണന.....

മി. സ്പീക്കർ : No അഭ്യർത്ഥന You can put the question. No..No, as per rule you can only put the question. No further speech.

ശ്രീ. ജോണി നെല്ലൂർ : സർ, പരിവർത്തിത കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ആ കോർപ്പറേഷന്റെ പ്രവർത്തനം കുറേക്കൂടി ശക്തിപ്പെടുത്തി ദളിത് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട എല്ലാപേർക്കും കൃഷി ഭൂമി കൊടുക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ആ പദ്ധതി ത്രിതല പഞ്ചായത്തുകളിൽക്കൂടി നടപ്പിലാക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലമാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്.

III സബ്മിഷൻ

(1) സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം നിലനിറുത്താൻ നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, നമ്മുടെ സംസ്ഥാനത്തെ 70 ലക്ഷത്തോളം വരുന്ന റേഷൻ കാർഡ് ഉടമകൾ, അതായത് തൊഴിലാളികൾ സർക്കാർ ജീവനക്കാർ അടക്കമുള്ള പാവപ്പെട്ടവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിന് മുമ്പ് 190,000 ടൺ അരിയും ഗോതമ്പുമായിരുന്നു നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്നത്. 155,000 ടൺ അരിയും 35,000 ടൺ ഗോതമ്പും. ഇതിനുപുറമേ ഉൽസവകാലത്ത് കൂടുതൽ ധാന്യങ്ങളും നമുക്ക് കിട്ടിയിട്ടുണ്ട്. എന്നാൽ ഇന്ന് അത് വെറും 40,000 ടണ്ണായി കുറഞ്ഞിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മുമ്പ് വൈദ്യുതീകരിച്ച വീടുകളിലെ കാർഡുടമകൾക്ക് 2 ലിറ്ററും അല്ലാത്തവർക്ക് 5 ലിറ്റർ മണ്ണെണ്ണയും, സ്പെഷ്യൽ പെർമിറ്റായും, പാചകാവശ്യത്തിനായി 6 ലിറ്ററും അടക്കം 18 ലിറ്റർവരെ മണ്ണെണ്ണ കൊടുത്തുകൊണ്ടിരുന്നു. ഇതെല്ലാം ഇപ്പോൾ ഒരു ഓർമ്മ മാത്രമായി തീർന്നിരിക്കുകയാണ്. മുമ്പുണ്ടായിരുന്നതിന്റെ ഏതാണ്ട് 25 ശതമാനമായി കുറച്ചു എന്നാണ് മനസ്സിലാക്കേണ്ടിയിരിക്കുന്നത്. വളരെയധികം കുറച്ചിരിക്കുന്നു, ബി.പി.എൽ എന്നും എ. പി. എൽ. എന്നൊക്കെ പറഞ്ഞിട്ട് പല വകുപ്പുകളിലായി ഇത് കുറച്ചിരിക്കുകയാണ്. അതേസമയം തമിഴ്നാട്ടിൽ ഗവൺമെന്റ് കൂടിയ വിലയ്ക്ക് അരി വാങ്ങിയിട്ട് 4 രൂപക്ക് അവിടെ

LIBRARY ARCHIVES Kerala Legislative Assembly